# പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

28-03-2018 ൽ മറുപടിയ്ക്ക്

നക്ഷത്ര ചിഹ്നമിട്ട

ചോദ്യം നമ്പർ : 576

## വിഴിഞ്ഞം തുറമുഖ കരാർ സംബന്ധിച്ച ജുഡീഷ്യൽ അന്വേഷണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എം.വിൻസെന്റ് :<br>ശ്രീ. കെ.മുരളീധരൻ :<br>ശ്രീ. കെ.എസ്.ശബരീനാഥൻ :<br>ശ്രീ. അൻവർ സാദത്ത് : | പിണറായി വിജയൻ<br>( മുഖ്യമന്ത്രി) |
| (എ) വിഴിഞ്ഞം തുറമുഖ നിർമ്മാണ കരാർ സംബന്ധിച്ച ജുഡീഷ്യൽ അന്വേഷണം നടത്തുന്ന കമ്മീഷൻ അതിന്റെ പരിഗണനാ വിഷയങ്ങളിൽ വ്യക്തത വരുത്തണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ടോ ;<br><br>(ബി) ഏതൊക്കെ വിഷയങ്ങളിലാണ് ജുഡീഷ്യൽ അന്വേഷണ കമ്മീഷൻ വ്യക്തത ആവശ്യപ്പെട്ടിട്ടുള്ളത്; | (എ) യും (ബി) യും വിഴിഞ്ഞം കരാറിലെ ക്രമക്കേടുകൾ അന്വേഷിക്കുന്ന ജസ്റ്റിസ് സി. എൻ. രാമചന്ദ്രൻ നായർ കമ്മീഷൻ തെളിവെടുപ്പ് വേളയിൽ വിഴിഞ്ഞം കരാറുമായി ബന്ധപ്പെട്ട ചില വിഷയങ്ങളിൽ സർക്കാരിന്റെ അഭിപ്രായം ആരാഞ്ഞിട്ടുണ്ട്. സി&എ.ജി യുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അദാനി വിഴിഞ്ഞം പോർട്ട് ലിമിറ്റഡുമായി ഏർപ്പെട്ടിട്ടുള്ള നിർമ്മാണ കരാറിൽ നിന്ന് സർക്കാർ പിൻമാറാൻ ഉദ്ദേശിക്കുന്നുണ്ടോ, സി&എ.ജി യുടെ കണ്ടെത്തലുകളുടെ കൃത്യത പരിശോധിക്കാൻ കമ്മീഷന് അധികാരമുണ്ടോ, സി&എ.ജി യുടെ റിപ്പോർട്ടിന്റെ കൃത്യത സംബന്ധിച്ച് കമ്മീഷൻ പരിശോധന നടത്തേണ്ടതുണ്ടോ, വിഴിഞ്ഞം തുറമുഖ നിർമ്മാണ കമ്പനിക്ക് തുറമുഖ നിർമ്മാണത്തിലുള്ള പങ്ക് എന്താണ്, AECOM തയ്യാറാക്കിയ പ്രോജക്ട് അനുസരിച്ച് മൊത്തം നിർമ്മാണ തുക എത്രയായിരുന്നു, പ്രീ-ക്വാളിഫിക്കേഷൻ ടെണ്ടർ നടപടികൾ ആരംഭിച്ചതിനുശേഷം വ്യവസ്ഥകളിൽ മാറ്റം വരുത്തിയിട്ടുണ്ടോ, വയബിലിറ്റി ഗ്യാപ് ഫണ്ട് അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ / മാർഗ്ഗനിർദ്ദേശങ്ങൾ എന്തെല്ലാമാണ്, കൺസഷൻ കരാർ വ്യവസ്ഥകൾ നിയമസഭയിൽ ചർച്ച ചെയ്തിട്ടുണ്ടോ തുടങ്ങിയ കാര്യങ്ങളിലാണ് വിഴിഞ്ഞം കമ്മീഷൻ സർക്കാരിന്റെ അഭിപ്രായം ആരാഞ്ഞിട്ടുള്ളത്. |

| | | | |
|---|---|---|---|
| (സി) | കമ്മീഷൻ ആവശ്യപ്പെട്ട പ്രകാരം പരിഗണനാ വിഷയങ്ങളിൽ വ്യക്തത വരുത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വ്യക്തമാക്കുമോ ; | (സി) യും (ഡി) യും | സർക്കാർ ഇക്കാര്യം പരിശോധിച്ച് വരികയാണ്. |
| (ഡി) | സി.എ.ജി. റിപ്പോർട്ടിന്റെ സാധുത പരിശോധിക്കുവാൻ കമ്മീഷന് അധികാരം നൽകിയിട്ടുണ്ടോ; വിശദാംശം നൽകുമോ ? | | |

സെക്ഷൻ ഓഫീസർ